**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2240** **13-09-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിലെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാലക്കാട് ജാമ്യത്തിലിറങ്ങി ഒളിവിൽ പോയ സ്ത്രീയ്ക്ക് പകരം എൺപത് വയസുള്ള സ്ത്രീയെ പോലീസ് അറസ്റ്റ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവം പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നമ്പർ 496/1998 U/s 447, 294(b), 427 IPC കേസ്സിലെ യഥാർത്ഥ പ്രതി തന്റെ മേൽ വിലാസം മറച്ച് വെച്ച് തെറ്റായി ഭാരതി @ ഭാരതിയമ്മ വയസ്സ് 48/98, D/o (Late) ബാലകൃഷ്ണൻ നായർ, മഠത്തിൽ വീട്. വടക്കേത്തറ, കുനിശ്ശേരി, ആലത്തൂർ എന്നിവരുടെ മേൽ വിലാസം നൽകുകയും തുടർന്ന് എൺപതു വയസ്സുള്ള ടി ഭാരതി അമ്മ വിചാരണ നേരിടുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പാലക്കാട് ജില്ലാ ക്രൈബ്രാഞ്ച് DySP നടത്തിയ പ്രാഥമിക അന്വേഷണത്തിൽ പോലീസുദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വീഴ്ച്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം സംഭവങ്ങൾ പോലീസിന്റെ വിശ്വാസ്യതയെ തന്നെ ബാധിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് സമാന സംഭവങ്ങൾ ആവർത്തിക്കാതിരിയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്ന സമയത്തും വാറണ്ട്/ ഡിറ്റൻഷൻ നടത്തുന്ന സമയത്തും മറ്റും പ്രതികളെ തിരിച്ചറിയുന്നതിനായി അവരുടെ തിരിച്ചറിയൽ രേഖകൾ നിർബന്ധമായും പരിശോധിക്കേണ്ടതും യഥാർത്ഥ വ്യക്തിയെയാണ് അറസ്റ്റ് ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതിനും ഇക്കാര്യത്തിൽ അറസ്റ്റ് നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ അതീവ ജാഗ്രതയും ശ്രദ്ധയും ചെലുത്തേണ്ടതാണെന്നും യഥാർത്ഥ പ്രതിക്ക് പകരം അതേ പേരിലുള്ള നിരപരാധിയായ മറ്റൊരാൾ വിചാരണ നേരിടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല എന്നും ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പ് പ്രത്യേക ജാഗ്രത പുലർത്തണമെന്നും സംസ്ഥാന പോലീസ് മേധാവി D2-152645/ 2023/PHQ പ്രകാരം |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ